(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഡീസലിന്റെ അലോട്ട്മെന്റ് നൽകുന്നുണ്ട്. മെയിന്റനൻസിന് ആവശ്യമായ തുകയും നൽകുന്നുണ്ട്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഹോളിഡേ ഹോം ലാഭകേന്ദ്രമാക്കാൻ നടപടി

55 (1247) ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേക്കടിയിലെ ഹോളിഡേ ഹോമിലെ റിസപ്ഷൻ ചാർജ് ഉൾപ്പെടെയുള്ള ജോലികൾക്ക് ഹോട്ടൽ മാനേജ്മെന്റോ തത്തുല്യ കോഴ്സുകളോ പാസ്സായവരെ നിയമിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) 135 പേർക്ക് താമസിക്കുവാൻ സൗകര്യമുള്ള ഹോളിഡേ ഹോം കാലോചിതമായി പരിഷ്ക്കരിച്ച് ഒരു ലാഭകേന്ദ്രമായി മാറ്റാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ബോർഡ് ജീവനക്കാരുടെ (നിയമനവും സേവന വ്യവസ്ഥകളും) റെഗുലേഷനുകൾ പ്രകാരം പി.എസ്.സി. വഴി നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും വിശ്രമത്തിനും വിനോദത്തിനും താമസത്തിനും വേണ്ടി ചില സബ്സിഡി കളോടെയാണ് ഹോളിഡേ ഹോം പ്രവർത്തിക്കുന്നത്. ലാഭം മാത്രം നോക്കി പ്രവർത്തിക്കുന്ന ഒരുസ്ഥാപനമല്ല എന്നിരുന്നാലും ഹോളിഡേ ഹോം കാലോചിത മായി പരിഷ്ക്കരിക്കുന്നതിന് കാലാകാലങ്ങളിൽ കൂടുന്ന കുമിളി ഹോളിഡേ ഹോം വർക്ക് ഇംപ്ലീമെന്റേഷൻ സബ് കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് ബോർഡ് പരിഗണിച്ച് പരിഷ്ക്കാര നടപടികൾ സ്വീകരിച്ചു നടപ്പാക്കുകയും ചെയ്യുന്നു.

തൊഴിൽ നിയമലംഘനം

56 (1248) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഇരുപത്തിയഞ്ചു മാസക്കാലത്തിനിടയിൽ തൊഴിൽ നിയമങ്ങൾ ലംഘിച്ച എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട് ;

(ബി) ഇവർക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly